No.KDFWF/H/431/17

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
തിരുവനന്തപുരം, തീയതി. 10.02.2017

# സർക്കുലർ 05/2017

**വിഷയം:-** കേരള ക്ഷീരകർഷക ക്ഷേമനിധി - ക്ഷീരജാലകം പെർഫോർമൻസ് ഓഡിറ്റ് സംബന്ധിച്ച്.

ക്ഷീരകർഷക ക്ഷേമനിധിയുടെ ക്ഷീരജാലകം സോഫ്റ്റ്‌വെയറിന്റെ രൂപീകരണവും ആയതിന്റെ ഓൺലൈൻ കൈകാര്യം ചെയ്യലും കൊണ്ട് പ്രധാനമായും സുതാര്യത, കാര്യക്ഷമത, വേഗത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ഇവയിൽ സുതാര്യതയും, കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിന് ക്ഷീരജാലകത്തിലൂടെ ക്ഷേമനിധിക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ ക്ഷീരകർഷകൻ സമർപ്പിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി ക്ഷേമനിധിയിൽ ലഭിക്കുന്ന കാര്യത്തിൽ വേഗത വരുത്തുന്നതിന് പൂർണ്ണമായും സാധിച്ചിട്ടില്ല.. ഈ സാഹചര്യത്തിൽ മേൽ പോരായ്മ പരിഹരിക്കുന്നതിനായി ഓരോ തലത്തിലേയും പ്രവർത്തന മികവ് മനസ്സിലാക്കാൻ സാധിക്കുന്ന രീതിയിൽ ഒരു പെർഫോർമൻസ് റിവ്യൂ സംവിധാനം ക്ഷീരജാലകം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയാണ്. അപേക്ഷകൾ തീർപ്പ്കൽപ്പിക്കുന്നതിന് ഓരോ തലത്തിലും എടുക്കുന്ന സമയത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് നിറങ്ങളുള്ള ബാഡ്ജ് നൽകിയാണ് ഓഫീസുകളെ വർഗ്ഗീകരിക്കുന്നത്. ലഭിച്ച് 5 ദിവസത്തിനുള്ളിൽ അപേക്ഷകൾ തീർപ്പാക്കുന്ന പക്ഷം പച്ചനിറവും, 10 ദിവസത്തിനുള്ളിൽ തീർപ്പാക്കാൻ സാധിച്ചാൽ നീലനിറവും, 20 ദിവസംവരെ കാലതാമസം നേരിടുന്നപക്ഷം മഞ്ഞ നിറവും 30 ദിവസംവരെ കാലതാമസം ഉണ്ടാകുന്നപക്ഷം ഓറഞ്ച് നിറവും 30 ദിവസത്തിന് മേൽ കാലതാമസം ഉണ്ടാകുന്നപക്ഷം ചുമപ്പ് നിറമുള്ള ബാഡ്ജുമാണ് നൽകുന്നത്.

ക്ഷീരജാലകത്തിലേയ്ക്ക് ലോഗിൻ ചെയ്യുമ്പോൾ ആദ്യം കാണുന്ന Dash Boardലായിരിക്കും ബാഡ്ജ് ദൃശ്യമാകുന്നത്. കൂടാതെ ക്ഷീരവികസന യൂണിറ്റ് ഓഫീസർമാർ, ജില്ലാനോഡൽ ഓഫീസർമാർ എന്നിവർക്ക് തങ്ങളുടെ കീഴ് ഓഫീസുകളുടെ ബാഡ്ജ് സ്റ്റാറ്റസ് ക്ഷീരജാലകത്തിലെ പെർഫോർമൻസ് റിവ്യൂ എന്ന പേജിലൂടെ കാണുവാനും സാധിയ്ക്കുന്നതായിരിക്കും. കൂടാതെ ഇതിന്റെ ഒരു പകർപ്പ് Public Audit നായി website ലും പ്രദർശിപ്പിക്കും. ബാഡ്ജിന്റെ നിറം ചുവപ്പുള്ള ഓഫീസുകളുടെ വിവരങ്ങൾ അനന്തരനടപടികൾക്കായി ക്ഷീരവികസന ഡയറക്ടർക്കു കൈമാറുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

മറുപുറം . . .

ഈ സാഹചര്യത്തിൽ ഓരോ തലത്തിലും അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് തന്നെ പരിശോധിച്ച് അടുത്ത തലത്തിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നും ബാഡ്ജ് സ്റ്റാറ്റസിനനുസൃതമായ ഫോളോഅപ് നടപടികൾക്കായി ബ്ലോക്ക് / ജില്ലാ ഓഫീസുകളിൽ നടക്കുന്ന കോൺഫറൻസുകളിൽ colour ബാഡ്ജിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തലുകൾ ഉണ്ടാകണമെന്നും നിർദ്ദേശിക്കുന്നു.

OFFICE OF THE EXECUTIVE OFFICER
Thiruvananthapuram
Date:.........................
KERALA DAIRY FARMERS WELFARE FUND

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ

പകർപ്പ്:-
1) ചെയർമാൻ, കേരള ക്ഷീരകർഷക ക്ഷേമനിധിബോർഡ്
2) ഡയറക്ടർ ക്ഷീരവികസന വകുപ്പ്
3) ഡെപ്യൂട്ടി ഡയറക്ടർ എക്സ്റ്റൻഷൻ/സ്റ്റേറ്റ് നോഡൽ ഓഫീസർ, KDFWF
4) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ
5) എല്ലാ ജില്ല നോഡൽ ഓഫീസർമാർ
6) എല്ലാ ക്ഷീരവികസന ഓഫീസർമാർ/ഡെയറി ഫാം ഇൻസ്ട്രക്ടർ
7) സഞ്ചയം / ശേഖര സഞ്ചയം.